## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.847 — 30.01.2019 -ൽ മറുപടിയ്ക്ക്

### പാമ്പാട്ടുംചോല പ്രദേശത്തെ യൂക്കാലി മരങ്ങളുടെ ലേലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ : | അഡ്വ.കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വട്ടവട പാമ്പാട്ടുംചോല പ്രദേശത്തെ യൂക്കാലി മരങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) സർക്കാർ ഉത്തരവ് (കൈ) നം.178/2018/റവ തീയതി 10.5.2018 പ്രകാരം വട്ടവട, കൊട്ടക്കാമ്പൂർ, മറയൂർ, കാന്തല്ലൂർ, കീഴാന്തൂർ വില്ലേജുകൾ ഉൾപ്പെടുന്ന അഞ്ചുനാട് പ്രദേശങ്ങളിലെ റവന്യൂ ഭൂമിയിലെ എല്ലാ അക്കേഷ്യ, യൂക്കാലിപ്റ്റസ് - ഗ്രാന്റിസ് മരങ്ങളും പിഴുതുമാറ്റുന്നതിനുള്ള ചുമതല പട്ടയ ഉടമകളെയും ജില്ലാ കളക്ടറെയും ഏൽപ്പിച്ചിട്ടുള്ളതാണ്. ടി സംഗതിയിൽ വനം വകുപ്പിന് പ്രത്യേകിച്ച് നടപടികൾ എടുക്കുവാനില്ലാത്തതാണ്. ഈ മേഖലയിലെ വന്യജീവി സങ്കേതങ്ങൾ ഒഴികെയുള്ള വനഭൂമിയിൽ ഉള്ള യൂക്കാലി മരങ്ങൾ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള വർക്കിംഗ് പ്ലാനിലെ വ്യവസ്ഥകൾക്കനുസരണമായി വിൽപ്പന ചെയ്യുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിക്കുന്നതാണ്. ഇപ്രകാരം യൂക്കാലി തോട്ടങ്ങൾ വെട്ടി നീക്കം ചെയ്യുന്ന സാഹചര്യത്തിൽ ടി പ്രദേശങ്ങളിൽ വീണ്ടും വനം വകുപ്പിന്റെ ഭാഗത്തു നിന്നും യൂക്കാലി |

പുതിയതായി നട്ടുപിടിപ്പിക്കുന്നതല്ല. ടി മേഖലയിലെ പാമ്പാടുംചോല, കുറിഞ്ഞിമല ഉൾപ്പെടുന്ന വന്യജീവി സങ്കേതങ്ങളിൽ നിന്നും യൂക്കാലി ഘട്ടം ഘട്ടമായി മാത്രമെ ഇല്ലാതാക്കുവാൻ കഴിയുകയുള്ളു. ടി വന്യജീവി സങ്കേതങ്ങളുടെ അംഗീകൃത മാനേജ്മെന്റ് പ്ലാനുകളിലെ വ്യവസ്ഥകൾക്കനുസൃതമായി മാത്രമെ ഇക്കാര്യം ചെയ്യാനാവൂ. 1972 ലെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വന്യജീവി സങ്കേതങ്ങളിൽ നിന്നും യൂക്കാലി മരങ്ങൾ വെട്ടുന്നപക്ഷം ആയവയുടെ വാണിജ്യ വിൽപ്പന സാധ്യമല്ലാത്തതുമാണ്.

(ബി) പ്രസ്തുത പ്രദേശത്ത് യൂക്കാലിക്ക് പകരം മറ്റ് മരങ്ങൾ സാമൂഹ്യ വനവൽക്കരണത്തിലൂടെ വച്ച് പിടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ബി) ഉദ്ദേശിക്കുന്നുണ്ട്. റവന്യൂഭൂമിയിലെ യൂക്കാലി പിഴുതുമാറ്റുന്ന സാഹചര്യത്തിൽ ഭൂവുടമകളുടെ താൽപര്യത്തിനനുസരിച്ചുള്ള വൃക്ഷതൈകൾ നടുന്നതിനായി സാമൂഹ്യവനവൽക്കരണ വിഭാഗം വഴി നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

Praveen

സെക്ഷൻ ഓഫീസർ